# കേരളസർവകലാശാല

നം.പി.ആർ.262/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല: എം.എഡ്. പ്രവേശനം – 2022–23

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകൾ എന്നിവിടങ്ങളിലെ 2022 – 23 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ എം.എഡ്. പ്രവേശനത്തിന് അതാത് കോളേജുകളിൽ നിന്നും 2022 ഡിസംബർ 02 മുതൽ അപേക്ഷാഫോം വിതരണം ചെയ്യുന്നതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ഡിസംബർ 12. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ എം.എ.പൊളിറ്റിക്കൽ സയൻസ് 2020 – 22 ബാച്ച് (സി.എസ്.എസ്.) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2022 ഡിസംബർ 8 ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ രണ്ടാം സെമസ്റ്റർ എം.എസ്സി. ബയോടെക്നോളജി പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 16 ലേക്ക് മാറ്റിവച്ചിരിക്കുന്നു.

കേരളസർവകലാശാല 2022 ഡിസംബർ 12 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.എസ്സി. ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 13 ലേക്ക് മാറ്റിവച്ചിരിക്കുന്നു.

കേരളസർവകലാശാലയുടെ സി.ബി.സി.എസ്. രണ്ടാം സെമസ്റ്റർ ബി.എ.മ്യൂസിക്, സെപ്റ്റംബർ 2022 കോർ & കോംപ്ലിമെന്ററി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 15 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്., ജൂലൈ 2022 (2013 സ്കീം) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ കമ്മ്യൂണിക്കേഷന് എഞ്ചിനീയറിംഗ് ലാബ് (13507), ഡിജിറ്റൽ സിഗ്നൽ പ്രോസസിംഗ് ലാബ് (13508) എന്നിവ ഡിസംബർ 20 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പവർ ഇലക്ട്രോണിക്സ് ലാബ് (13507) ഡിസംബർ 21 ന് കൊല്ലം ടി.കെ.എം.കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ചും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ ബി.എസ്സി. മാത്തമാറ്റിക്സ്, ഒക്ടോബർ 2022 പരീക്ഷയുടെ കോംപ്ലിമെന്ററി സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 15 ന് രാവിലെ 10 മണി മുതൽ കാര്യവട്ടം വിദൂരിവിദ്യാഭ്യാസകേന്ദ്രം കമ്പ്യൂട്ടർ ലാബിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഡേറ്റാ അനലിറ്റിക്സ് പരീക്ഷയുടെ വൈവ ഡിസംബർ 19 നും പ്രാക്ടിക്കൽ ഡിസംബർ 20 നും യൂണിവേഴ്സിറ്റി കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ജനുവരി 23 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ (എം.എഫ്.എ.) (പെയിന്റിംഗ് & സ്കൾപ്ച്ചർ) പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ 15 വരെയും 150 രൂപ പിഴയോട ഡിസംബർ 19 വരെയും 400 രൂപ പിഴയോടെ ഡിസംബർ 21 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. (ബി.എ./ബി.എസ്സി./ബി.കോം.) (റെഗുലർ – 2021 അഡ്മിഷന്, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 – 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2013 – 2016 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ഡിസംബർ 14 വരെയും 150 രൂപ പിഴയോട ഡിസംബർ 17 വരെയും 400 രൂപ പിഴയോടെ ഡിസംബർ 20 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## IUCML വെബ്സൈറ്റിൽ പ്രബന്ധസംഗ്രഹങ്ങൾ അപ്ലോഡ് ചെയ്യാം

വിജ്ഞാനം മാതൃഭാഷയിലെത്തിക്കാനുള്ള കേരളസർക്കാരിന്റെ പരിപാടിയോട് ചേർന്ന് സർവകലാശാലകളിലെ ഗവേഷണപ്രവർത്തനങ്ങളുടെ ഫലങ്ങൾ മലയാളത്തിൽ എത്തിക്കാനുള്ള IUCML പദ്ധതിക്ക് അംഗീകാരം ലഭിച്ചു. കേരളസർവകലാശാലയിൽ നിന്നും ബിരുദം ലഭിക്കുന്ന വിവിധ വിജ്ഞാനമേഖലകളിലെ എം.ഫിൽ., പിഎച്ച്.ഡി. ഗവേഷണ പ്രബന്ധങ്ങളുടെ സംഗ്രഹങ്ങൾ (abstracts) മലയാളത്തിലാക്കി പൊതുമണ്ഡലത്തിൽ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. കേരളത്തിലെ വിജ്ഞാനഗവേഷണമണ്ഡലത്തിന് കൂടുതൽ സഹായകരവും പൊതുസമൂഹത്തിന് പ്രയോജനപ്രദവുമാണ് ഈ പദ്ധതി. അതിനായി, കേരളസർവകലാശാല കമ്പ്യൂട്ടർ സെന്ററിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്ന വെബ്സൈറ്റിൽ (iucml.keralauniversity.ac.in) 'പ്രബന്ധസംഗ്രഹം/ലേഖനം സമർപ്പിക്കൽ' എന്ന ലിങ്കിൽ വിവിധ ഫാക്കൽറ്റികളിലെ ഗവേഷകർക്ക് മലയാളത്തിലാക്കിയ പ്രബന്ധസംഗ്രഹം അപ്ലോഡ് ചെയ്യാൻ കഴിയും. മുൻകാലങ്ങളിൽ ബിരുദം നേടിയവർക്കും പ്രബന്ധങ്ങൾ സമർപ്പിക്കാവുന്നതാണ്.

## 'Research methodology on Social science' – വർക്ക്ഷോപ്പ്

കേരളസർവകലാശാല ഗവേഷക യൂണിയനും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ആൾട്ടർനേറ്റീവ് ഇക്കണോമിക്സും സംയുക്തമായി 'Research methodology on Social science' എന്ന വിഷയത്തിൽ 2022 ഡിസംബർ 14 മുതൽ 16 വരെ ഒരു വർക്ക്ഷോപ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ള ഗവേഷകർ ഡിസംബർ 12 ന് മുൻപ് 7012871308, 8943041009, 9567497454 എന്നീ നമ്പറുകളിലോ iracku2022@gmail.com എന്ന മെയിൽ ഐ.ഡി. യിലോ ബന്ധപ്പെടേണ്ടതാണ്. പരമാവധി 60 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

തിരുവനന്തപുരം,
09.12.2022.

[signature]

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**